**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3103      20/06/2014-ൽ മറുപടിയ്ക്ക്

## തെങ്ങുകൃഷി പുനരുദ്ധാരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | **ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) തെങ്ങുകൃഷി പുനഃരുദ്ധരിക്കുന്നതിന് നാളികേര വികസന ബോർഡ് തയ്യാറാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വ ിശദമാക്കുമോ; | എ) 2014-15 വർഷം നാളികേര വികസന ബോർഡ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |
| ബി) നാളികേര കർഷകന് സർക്കാർ നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | ബി) 2014-15 വർഷത്തിൽ 4500 ലക്ഷം രൂപയുടെ പദ്ധതികൾ കേര കൃഷി വികസനത്തിനായി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്നതാണ്. തെങ്ങിൻ തോട്ടങ്ങളുടെ സംയോജിത കൃഷി പരിപാലനം, ഹൈബ്രിഡ് - എലൈറ്റ് തെങ്ങിൻ തൈകളുടെ ഉല്പാദനം, കേര ക്ലസ്റ്ററുകൾക്കുള്ള സഹായം, തെങ്ങു കയറ്റ യന്ത്രങ്ങൾ വിതരണം ചെയ്യുന്നതിനുള്ള ധനസഹായം എന്നിവയാണ് പദ്ധതി ഘടകങ്ങൾ. |
| സി) ശാസ്ത്രീയ തെങ്ങുകൃഷി, രോഗ പ്രതിരോധ മാർഗ്ഗങ്ങൾ, വിപണനം, വിവിധ കേരോല്പന്നങ്ങളുടെ ഉപയോഗം എന്നിവയെക്കുറിച്ച് കർഷകനെ ബോധവൽക്കരിക്കുന്നതിന് നടപ്പാക്കിയ പദ്ധതികളും പരിപാടികളും എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | സി) ശാസ്ത്രീയ തെങ്ങു കൃഷി, രോഗ പ്രതിരോധ പ്രവർത്തനങ്ങൾ തുടങ്ങിയവയെക്കുറിച്ച് കർഷകനെ ബോധവൽക്കരിക്കുന്നതിനും പരിശീലനം നൽകുന്നതിനും കൃഷി വകുപ്പ് പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. കൊല്ലം, പാലക്കാട്, കണ്ണൂർ, വയനാട് എന്നീ ജില്ലകളിൽ നടപ്പിലാക്കി വരുന്ന ലീഡ്സ് പദ്ധതിയിൽ പ്രാദേശിക ആവശ്യങ്ങൾക്കനുസൃതമായ വിജ്ഞാന വ്യാപന പരിശീലന പരിപാടികൾക്ക് പരിഗണന നൽകി വരുന്നു. കൂടാതെ പ്രാദേശിക കാർഷിക പരിശീലന കേന്ദ്രങ്ങൾ കർഷക പരിശീലന കേന്ദ്രങ്ങൾ, കൃഷി ഭവനുകൾ എന്നിവ മുഖേനയും കർഷക പരിശീലന പരിപാടികൾ നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**2014-15 സാമ്പത്തിക വർഷത്തിൽ നാളികേര വികസനബോർഡ് നടപ്പിലാക്കുന്ന പദ്ധതികൾ**

| | പദ്ധതിയുടെ പേര് | സ്ഥല ലക്ഷ്യം | സാമ്പത്തിക ലക്ഷം | ബോർഡിന്റെ വിഹിതം |
|---|---|---|---|---|
| 1. | **ഗുണമേന്മയേറിയ തെങ്ങിൻ തൈ ഉല്പാദനം** | | | |
| | a.പ്രാദേശിക തെങ്ങിൻതൈ നഴ്സറികൾ സ്ഥാപിക്കൽ(50:50) | 1.875 ലക്ഷം തൈകൾ | 60 ലക്ഷം രൂപ | 30 ലക്ഷം രൂപ |
| | b.സങ്കരയിനം ഉയരം കുറഞ്ഞ തെങ്ങിൻ തൈകളുടെ ഉല്പാദനം. | 1.64 ലക്ഷം തൈകൾ | 29.60 ലക്ഷം രൂപ | 14.80 ലക്ഷം രൂപ |
| | c.ന്യൂക്ലിയസ് വിത്ത് തേങ്ങതോട്ടങ്ങൾ സ്ഥാപിക്കൽ | ആവശ്യാനുസരണം | 6 ലക്ഷം രൂപ | 6 ലക്ഷം രൂപ |
| | d.ചെറുകിട തെങ്ങിൻതൈ നഴ്സറികൾ സ്ഥാപിക്കൽ | ആവശ്യാനുസരണം | 4 ലക്ഷം രൂപ | 4 ലക്ഷം രൂപ |
| 2. | **തെങ്ങുകൃഷി വ്യാപന ധന സഹായ പദ്ധതി** | | | |
| | a.ഒന്നാം വർഷ കൃഷി ഹെക്ടറൊന്നിന് 7500 രൂപ നിരക്കിൽ | 100 ഹെക്ടർ | 7.5 ലക്ഷം രൂപ | 7.5 ലക്ഷം രൂപ |
| | b.രണ്ടാം വർഷ കൃഷി ഹെക്ടറൊന്നിന് 4000 രൂപ നിരക്കിൽ | 125 ഹെക്ടർ | 5 ലക്ഷം രൂപ | 5 ലക്ഷം രൂപ |
| 3. | **തെങ്ങിൻ തോട്ടങ്ങളിൽ ഉല്പാദന വർദ്ധനവിന് സംയോജിത കൃഷി പദ്ധതി** | | | |
| | a.തെങ്ങുകൃഷി പ്രദർശന ത്തോട്ടങ്ങൾ സ്ഥാപിക്കൽ | | | |
| | 1. കുട്ടനാട് പാക്കേജ് (II ഘട്ടം) | 1625 ഹെക്ടർ | 121.875 ലക്ഷംരൂപ | 121.875 ലക്ഷം രൂപ |
| | 2. ഇടുക്കി പാക്കേജ് (II ഘട്ടം) | 1250 ഹെക്ടർ | 93.75 ലക്ഷം രൂപ | 93.75 ലക്ഷം രൂപ |
| | 3. നേരിട്ടുള്ള ധനസഹായം | 1125.99 ഹെക്ടർ | 185.445 ലക്ഷംരൂപ | 185.445 ലക്ഷം രൂപ |
| | 4.ജൈവവള നിർമ്മാണ യൂണിറ്റ് | 10 എണ്ണം | 6 ലക്ഷം രൂപ | 6 ലക്ഷം രൂപ |
| | മൊത്തം | | 519.17 ലക്ഷം രൂപ | 474.37 ലക്ഷം രൂപ |

സെക്ഷൻ ഓഫീസർ